# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1958 — 12.02.2013 ലെ മറുപടിക്ക്

## സർക്കാർ സർവ്വീസിൽ എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെ പ്രാതിനിധ്യ കുറവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.കെ.ബാലൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**ബഹു. മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ വന്നതിനുശേഷം സർക്കാർ സർവ്വീസിൽ എസ്.സി./ എസ്.ടി.. വിഭാഗങ്ങളുടെ പ്രാതിനിധ്യ കുറവ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിലായി എത്ര തസ്തികകൾ കുറവ് ഉണ്ടെന്ന് കാറ്റഗറി തിരിച്ചു (ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ്) വ്യക്തമാക്കുമോ; | (എ) | പ്രിസൺ, അഗ്രിക്കൾച്ചർ, ട്രഷറി, കേരള സ്റ്റേറ്റ് ലോട്ടറീസ്, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ്, സൈനിക് വെൽഫെയർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, കൊമേഴ്സ്യൽ ടാക്സസ്, ഹോമിയോപ്പതി എന്നീ വകുപ്പു-കളിലായി ഗസറ്റഡ് കാറ്റഗറിയിൽ 58 ഉം നോൺ ഗസറ്റഡ് കാറ്റഗറിയിൽ 28 ഉം ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ 4 ഉം എസ്.സി./ എസ്.റ്റി. വിഭാഗങ്ങളുടെ പ്രാതി-നിധ്യ കുറവ് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി എസ്.സി./എസ്.റ്റി. വിഭാഗ-ങ്ങൾക്ക് റിസർവ്വ് ചെയ്തു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഗസറ്റഡ് നോൺ ഗസറ്റഡ് ലാസ്റ്റ് ഗ്രേഡ് വിഭാഗങ്ങളിലായി എത്ര തസ്തികകളാണ് റിസർവ്വ് ചെയ്തിട്ടുള്ളത്; | (ബി) | ഉണ്ട്. ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് വിഭാഗങ്ങളിലായി 90 തസ്തികകൾ റിസർവ്വ് ചെയ്തി-ട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തസ്തികകളിൽ എത്രയെണ്ണം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ; | (സി) | ഗസറ്റഡ് കാറ്റഗറിയിൽ 51 ഉം നോൺ ഗസറ്റഡ് കാറ്റഗറിയിൽ 27 ഉം ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ 4 ഉം തസ്തികകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ തസ്തികകളിൽ ഏതിനെങ്കിലും സ്പെഷ്യൽ റൂൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനം നടത്താൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത തസ്തികകളിൽ സർക്കാർ പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ